**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1890** **04-02-2026 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ നിന്നും മണലൂർ മണ്ഡലത്തിലെ പാവറട്ടി, പൂവ്വത്തൂർ വഴിയും തിരിച്ച് അതേ റൂട്ടിൽ ഗുരുവായൂരിലേക്കും എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ നിന്നും മണലൂർ മണ്ഡലത്തിലെ പാവറട്ടി, പൂവ്വത്തൂർ വഴിയും തിരിച്ച് അതേ റൂട്ടിൽ ഗുരുവായൂരിലേക്കും മൂന്ന് കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്.<br>1. 06.00 ഗുരുവായൂർ-പൂവത്തൂർ-മെഡിക്കൽ കോളേജ്<br>2. 07.00 ഗുരുവായൂർ-പൂവത്തൂർ-തൃശ്ശൂർ<br>3. 08.00 ഗുരുവായൂർ-പൂവത്തൂർ-കായംകുളം |
| (ബി) | പ്രസ്തുത റൂട്ടിലെ കായംകുളം ബസ് നിലവിൽ കൃത്യമായി സർവ്വീസ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റൂട്ടിൽ കായംകുളം ബസ് സർവീസ് മുടക്കം കൂടാതെ സർവീസ് നടത്തിവരുന്നുണ്ട്. |
| (സി) | പ്രസ്തുത ബസ് സർവ്വീസ് ഇടയ്ക്കിടക്ക് മുടങ്ങുന്നതുമൂലം യാത്രക്കാർ വലിയ ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ പ്രസ്തുത സർവ്വീസ് മുടക്കംകൂടാതെ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 08.00 ഗുരുവായൂർ-പൂവത്തൂർ-കായംകുളം സർവീസ് മുടക്കം കൂടാതെ നടത്തുന്നതിനായി ഈ ഷെഡ്യൂളിനെ മുൻഗണനാ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ